**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5091** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ പട്ടയ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഷൊർണ്ണൂർ മണ്ഡലത്തിൽ പട്ടയ അസംബ്ലിയിൽ എത്ര അപേക്ഷകരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | അപേക്ഷകരെ കണ്ടെത്താൻ ഉദ്ദേശിച്ചല്ല പട്ടയ അസംബ്ലികൾ ചേരുന്നത്. ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് ചേരുന്ന പട്ടയ അസംബ്ലികൾ വഴി പട്ടയ വിഷയങ്ങൾ കണ്ടെത്തുക എന്നതാണ് ലക്ഷ്യം. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മണ്ഡലത്തിലെ ഒന്നാംഘട്ട പട്ടയ അസംബ്ലി 13.06.2023-ൽ നടന്നിട്ടുള്ളതാണ്. പ്രസ്തുത പട്ടയ അസംബ്ലിയിൽ ഉന്നയിക്കപ്പെട്ട പട്ടയ വിഷയങ്ങളിൽ നിയമാനുസൃതമായി പട്ടയം ലഭിക്കാനുള്ളവരെ കണ്ടെത്തി അവർക്ക് പട്ടയം അനുവദിക്കുവാൻ ആവശ്യമായ നടപടികൾ ജില്ല/ താലൂക്ക് തലങ്ങളിൽ സ്വീകരിച്ചിട്ടുള്ളതാണ്. ആയതിന്മേലുള്ള വിവരങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.<br><br>(i) തൃക്കടീരി പഞ്ചായത്തിലെ കിഴൂർ മേഖലയിൽ 6, 7 എന്നീ വാർഡുകളിൽ വർഷങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ, കൈവശക്കാരുടെ പട്ടയങ്ങളിലെ സർവ്വെ നമ്പരും, ഫോറസ്റ്റിൽ നിന്നു വിട്ടു കിട്ടിയ സ്ഥലത്തിന്റെ സർവ്വെ നമ്പരും വ്യത്യസ്ഥമായതിനാലാണ് കൈവശഭൂമിക്ക് നികുതി സ്വീകരിക്കാൻ സാധിക്കാത്തത്. നാല് സെന്റ് കോളനി പട്ടയവുമായി ബന്ധപ്പെട്ട 6 വ്യക്തികൾക്കുള്ള പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ആറ്റാശ്ശേരി ഭാഗത്ത് പട്ടയം കൊടുക്കാനുള്ള ഭൂമിയിൽ ഇപ്പോഴും അവകാശതർക്കം നിലനിൽക്കുന്നതിനാലാണ് നികുതി സ്വീകരിക്കാൻ കഴിയാത്തത്.<br><br>(ii) ഷൊർണ്ണൂർ നഗരസഭയുടെ ലക്ഷംവീട് കോളനിയുമായി ബന്ധപ്പെട്ട് ലഭ്യമായ എല്ലാ കേസുകളിലും പട്ടയം അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | (iii) വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ ചുവന്ന പറമ്പ് കോളനിയുമായി ബന്ധപ്പെട്ട് 7 പട്ടയങ്ങൾ അനുവദിച്ചിട്ടുള്ളതും, ഒരു കേസിൽ പഞ്ചായത്തിൽ നിന്നും അനുവാദപത്രിക ലഭ്യമായിട്ടില്ലാത്തതുമാണ്.<br><br>(iv) ഷൊർണ്ണൂർ നഗരസഭ പരിധിയിലുള്ള ഭൂമി വില്ലേജ് രേഖകളിൽ ഫോറസ്റ്റ് ഭൂമി ആയി രേഖപ്പെടുത്തിയിട്ടുള്ളതിനാലാണ് നികുതി സ്വീകരിക്കുവാൻ സാധിക്കാത്തത്. ആയത് അടിയന്തരമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | അപേക്ഷകരിൽ ഭൂമിയ്ക്ക് രേഖ ഇല്ലാത്ത എത്ര പേർക്ക് പട്ടയം നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | ഷൊർണ്ണൂർ മണ്ഡല പട്ടയ അസംബ്ലിയിൽ ഉയർന്നു വന്ന പട്ടയ പ്രശ്നങ്ങളിൽ ഉൾപ്പെട്ട 7 പേർക്ക് പട്ടയം അനുവദിച്ചിട്ടുള്ളതും 6 വ്യക്തികൾക്കുള്ള പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ച് വരുന്നതുമാണ്.<br><br>പട്ടയ അസംബ്ലിയിൽ ഉന്നയിക്കപ്പെട്ട എല്ലാ പട്ടയ പ്രശ്നങ്ങളെയും പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി തുടർനടപടി സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ